compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2025 നവംബർ 04
Tuesday, 04th November 2025

1201 തുലാം 18
18th Thulam 1201

1947 കാർത്തികം 13
13th Karthika 1947

വാല്യം 14
Vol. XIV

നമ്പർ / **No.** **44**

Part I

Water Resources Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

സംഗ്രഹം

ജലവിഭവ വകുപ്പ്—ജലനികുതി ഒഴിവാക്കുന്നതിനുള്ള ശ്രീ. ആർ. കൃഷ്ണകുമാർ, ചുട്ടിചിറകളം, കൊല്ലങ്കോട് എന്നവരുടെ അപേക്ഷ പരിഗണിച്ച് ടിയാന് ജലനികുതി ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജലവിഭവ (എംപി) വകുപ്പ്

സ. ഉ. (അച്ചടി) നമ്പർ 30/2025/WRD. തിരുവനന്തപുരം, 2025 ഒക്ടോബർ 10.

പരാമർശം:—(1) പാലക്കാട് ജില്ലാ കളക്ടറുടെ 24-3-2025-601 DCPKD/2641/2025-C1 നമ്പർ കത്ത്.

(2) പദ്ധതി വിഭാഗം-1 ചീഫ് എഞ്ചിനീയറുടെ 1-8-2025-ലെ CEPI/580/2025-E1 നമ്പർ കത്ത്.

(3) ചീഫ് എൻജിനീയർ (ജലസേചനവും ഭരണവും)-ന്റെ 12-9-2025 തീയതിയിലെ CEIA/4032/2025-PL4DB2(PLG) നമ്പർ കത്ത്.

ഉത്തരവ്

ശ്രീ. ആർ. കൃഷ്ണകുമാർ, ചുട്ടിചിറകളം, നെന്മേനി പി. ഒ., കൊല്ലങ്കോട് എന്നവരുടെ ഉടമസ്ഥതയിലുള്ള ചിറ്റൂർ താലൂക്ക്, കൊല്ലങ്കോട് വില്ലേജ്, ബ്ലോക്ക് 13-ൽ ഉൾപ്പെട്ട സർവേ നമ്പർ 106/2, 106/5, 106/6, 106/7 എന്നീ കൃഷിയിടങ്ങളിലേക്കുള്ള ജലനികുതി ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് പി എ ആർ (ജലസേചനം) സ്പെഷ്യൽ തഹശീൽദാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ-ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ 25-10-2024-ന് സംയുക്ത സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി സ്ഥലം ശ്രീ. കൃഷ്ണകുമാർ, രാമചന്ദ്രമുതലിയാർ മകൻ കിഴക്കേപ്പാവടി കൊല്ലങ്കോട് എന്നവർ കൈവശത്തിലും കരം തീരുവയിലുമുള്ളതാണ് എന്നും പ്രസ്തുത സ്ഥലത്തേക്ക് ജലസേചനം ലഭ്യമാക്കുന്നതിനായി നിർമ്മിക്കപ്പെട്ട കാഡ ചാൽ പകുതിക്കു വച്ച് അടഞ്ഞുപോയിട്ടുള്ളതിനാൽ പ്രസ്തുത ചാലിലൂടെ കൃഷി ആവശ്യത്തിനുള്ള വെള്ളം ലഭ്യമാകുന്നില്ലായെന്നും, നിലവിൽ കൃഷി നടക്കുന്നത് അപേക്ഷകന്റെ തന്നെ കൈവശഭൂമിയിലുള്ള കുളം, ബോർവെൽ എന്നിവയിൽ നിന്നുള്ള വെള്ളം ഉപയോഗിച്ചാണെന്നും, പ്രസ്തുത ഭൂമിയിലെ ജലസേചനനികുതി ഒഴിവാക്കുന്നതിലൂടെ പ്രതിവർഷം സർക്കാരിന് ₹ 125 നഷ്ടം ഉണ്ടാകുമെന്നും അറിയിച്ചിട്ടുള്ളതായി പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. ജലനികുതി ഒഴിവാക്കാനുള്ള അപേക്ഷകന്റെ അപേക്ഷയിന്മേൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ് ഡിവിഷൻ നമ്പർ 1, ചിറ്റൂർ, നിരാക്ഷേപപത്രം അനുവദിച്ചിട്ടുള്ളതാണെന്നും 25-10-2024-ാം തീയതി ജലസേചന വകുപ്പ് ഉദ്യോഗസ്ഥരും സ്പെഷ്യൽ തഹശീൽദാർ (PAR), വില്ലേജ് ഓഫീസർ എന്നിവർ നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ പരാതിക്കാരന്റെയും ബന്ധുക്കളുടേയും പേരിലുള്ളതുമായ ബ്ലോക്ക് 13-ൽ ഉൾപ്പെട്ട ഏകദേശം 20 ഏക്കർ നെൽ കൃഷി ചെയ്തുവരുന്ന സ്ഥലത്ത് മുൻ വർഷങ്ങളിൽ വളളികളമ്പ് കോളനി സ്ഥലത്തിന്റെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പടിഞ്ഞാറ് വശത്തായി തെക്കു-വടക്കായി കിടക്കുന്ന ചുള്ളിയാർ ഇറിഗേഷൻ പ്രൊജക്ടിന്റെ കാഡാചാൽ തുടക്കം മുതൽ അവസാനം വരെയും കേടുപാടുകൾ കണ്ടെത്തിയിരുന്ന കാര്യം എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണെന്നും, നിലവിൽ പ്രസ്തുത കനാലിൽകൂടി വെള്ളം ഒഴുകാത്ത സാഹചര്യം ഉള്ളതിനാൽ ജലനികുതി ഒഴിവാക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് സ്പെഷ്യൽ തഹശീൽദാർ (PAR) റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിനാൽ അപേക്ഷകന്റെ സ്ഥലത്തിന് ജലനികുതി (പ്രതിവർഷം ₹ 125) ഒഴിവാക്കാൻ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട് എന്ന് പരാമർശം (3) പ്രകാരം ചീഫ് എൻജിനീയർ (ജലസേചനവും ഭരണവും) അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ആർ. കൃഷ്ണകുമാർ, ചുട്ടിചിറകളം, നെന്മേനി പി. ഒ., കൊല്ലങ്കോട് എന്നവരുടെ ഉടമസ്ഥതയിലുള്ള ചിറ്റൂർ താലൂക്ക്, കൊല്ലങ്കോട് വില്ലേജ്, ബ്ലോക്ക് 13-ൽ ഉൾപ്പെട്ട സർവേ നമ്പർ 106/2, 106/5, 106/6, 106/7 എന്നീ കൃഷിയിടങ്ങളിലേക്ക് നിലവിൽ ജലസേചനവകുപ്പ് ജലം ലഭ്യമാക്കുന്നില്ലാത്തതിനാൽ മേൽ പരാമർശിച്ച അപേക്ഷകന്റെ സ്ഥലത്തിന് ജലനികുതി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിശ്വനാഥ് സിൻഹ,
അഡീഷണൽ ചീഫ് സെക്രട്ടറി.

ജില്ലാ കളക്ടർ, പാലക്കാട്.

ശ്രീ. ആർ. കൃഷ്ണകുമാർ, ചുട്ടിചിറകളം, നെന്മേനി പി.ഒ., കൊല്ലങ്കോട്, പാലക്കാട്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ), കേരള, തിരുവനന്തപുരം.

ചീഫ് എൻജിനീയർ, (ജലസേചനവും ഭരണവും). തിരുവനന്തപുരം.

ചീഫ് എൻജിനീയർ, (പ്രോജക്ട്-1), കോഴിക്കോട്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നമ്പർ എംപി3/150/2025).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.04 02:38:12 +05:30